**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 894** **24-02-2022 - ൽ മറുപടിയ്ക്ക്**

**വനാന്തരങ്ങളിലെ അനധികൃത വൈഡൂര്യഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വനാന്തരങ്ങളിൽ അനധികൃത വൈഡൂര്യഖനനം നടക്കുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇതിൽ പ്രതികളായവരെ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്; കൊല്ലം സതേൺ സർക്കിൾ അധികാര പരിധിയിൽ പാലോട് റെയിഞ്ചിൽ വരുന്ന മണച്ചാല എന്ന വനാന്തര പ്രദേശത്ത് അനധികൃത വൈഡൂര്യ ഖനനം നടത്തുന്നതിനായി ശ്രമിച്ചത് കണ്ടെത്തിയതിനെ തുടർന്ന് 2014 വർഷത്തിൽ ഒ.ആർ. 14/2014 നമ്പരായും 2021-ൽ ഒ.ആർ.29/2021 നമ്പരായും രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒ.ആർ - 14/2014 -ാം നമ്പർ കേസ്സിലെ മുഴുവൻ പ്രതികളെയും കണ്ടെത്തിയിട്ടുള്ളതും ആയത് സി.സി. 39/2015 നമ്പരായി ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, നെടുമങ്ങാട് മുമ്പാകെ വിചാരണയിലുമാണ്. 2021 ലെ ഒ.ആർ. 29/2021 നമ്പർ കേസിലെ പ്രതികളെ കണ്ടെത്തുന്നതിനും അന്വേഷണം പൂർത്തിയാക്കി ബഹു. കോടതിയിൽ എത്രയും വേഗം ചാർജ്ജ് ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിക്കുവാനും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വന്യജീവി വിഭാഗത്തിൽ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിന്റെ പരിധിയിലുള്ള വന്യജീവി സങ്കേതത്തിൽ വൈഡ്യൂര്യ ഖനനം നടത്തിയതുമായി ബന്ധപ്പെട്ട് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ പ്രതികളെയെല്ലാം കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 9 പേർ പ്രതികളായ 01/2000 കേസ് പുനലൂർ കോടതി കുറ്റവിമുക്തരാക്കി തീർപ്പാക്കിയിട്ടുണ്ട്. 6 പേർ പ്രതികളായ 05/2000 കേസ് ബഹു. നെടുമങ്ങാട് വനം കോടതി മുമ്പാകെ വിചാരണയിലാണ്. ഒരാൾ പ്രതിയായ 07/2005 കേസ് വകുപ്പ് തലത്തിൽ തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഖനനം തടയുന്നതിൽ വീഴ്ച വരുത്തിയ | (ബി) | പാലോട് റെയിഞ്ചിൽ വരുന്ന മണച്ചാലയിലെ |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | 2021-ൽ ഒ.ആർ.29/2021 നമ്പർ കേസിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥരെ അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലം മാറ്റിയിട്ടുണ്ട്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്. ടി കുറ്റകൃത്യം നടന്ന സെക്ഷന്റെ ചുമതലയുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. മറ്റുള്ള ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ